# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

07/03/2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1697

## കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. കെ.സി. മമ്മത് കോയ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. വി. ജോയി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) 2014-ൽ പൂർത്തിയാകേണ്ടിയിരുന്ന കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയജലപാതാ നിർമ്മാണം മുൻസർക്കാരിന്റെ കെടുകാര്യസ്ഥത കൊണ്ട് നിശ്ചലമായി കിടന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;<br><br>(ബി) പ്രധാന റോഡുകളിലെ വലിയ ചരക്ക വാഹനങ്ങളുടെ തിരക്ക് ഒഴിവാക്കാൻ പര്യാപ്തമായ തരത്തിലും, ചരക്ക് ഗതാഗതം കുറഞ്ഞ ചെലവിൽ സാധ്യമാക്കുന്നതി നാവശ്യമായ ആഴവും വീതിയും ഉറപ്പാക്കി ക്കൊണ്ടാണോ ദേശീയ ജലപാത നിർമ്മാണം ആസൂത്രണം ചെയ്തിരിക്കു ന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. വരുന്ന ദേശീയജലപാത III -ന്റെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാൻറ് വാട്ടർവേയസ് അതോറിറ്റി ഓഫ് ഇന്ത്യാ (IWAI) ആണ് നടപ്പിലാക്കുന്നത്. പ്രധാന റോഡുകളിലെ വലിയ ചരക്ക വാഹനങ്ങളുടെ തിരക്ക് ഒഴിവാക്കാൻ പര്യാപ്തമായ തരത്തിൽ ആഴവും വീതിയും ഉറപ്പാക്കിക്കൊണ്ടാണ് ദേശീയ ജലപാത നിർമ്മാണം IWAI - ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രസ്തുത ജലപാത എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ IWAI യ്ക്ക് ലഭ്യമാക്കുന്നുണ്ട്. |

**(സി)** ദേശീയജലപാത കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റണമെങ്കിൽ അനുബന്ധ പാതകളായ, കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം പാതകളും പൂർത്തിയാകേണ്ടതുള്ളത് കൊണ്ട് അവയുടെ നവീകരണവും നിർമ്മാണവും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

**(സി)** ഉണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യവും, ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗത യോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽവികസനം, ജലപാതവികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. നിലവിലുള്ള വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 – 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനുമിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL

മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പാത ഗതാഗതയോഗ്യമാണ്.

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ സംസ്ഥാന ജലപാതയായ കോവളം - കൊല്ലം , കോഴിക്കോട് - നീലേശ്വരം എന്നീ ഭാഗങ്ങൾ മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാൻ ആണ് തീരുമാനിച്ചിട്ടുള്ളത്. നിർമ്മാണ പുരോഗതി അവലോകനം ചെയ്യുകയും, സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**